പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 731 | 29-10-2019-ൽ മറുപടിക്ക്

# അഡ്വഞ്ചർ ടൂറിസം അക്കാദമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഐ.ബി. സതീഷ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| അഡ്വഞ്ചർ ടൂറിസം അക്കാദമിയുടെ ആസ്ഥാനം വിളപ്പിൽശാല ശാസ്താംപാറയിൽ ആരംഭിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ; ആയതിന്റെ തുടർനടപടികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ? | അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും ഈ രംഗത്ത് ആവശ്യമായ പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിനുമായി "സാഹസിക ടൂറിസം അക്കാദമി" ആരംഭിക്കുന്നതിന് തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിൽ വിളപ്പിൽശാല ഗ്രാമപഞ്ചായത്തിൽപ്പെട്ട വിളപ്പിൽശാല വില്ലേജിലെ ബ്ലോക്ക് നമ്പർ 2, സർവ്വേ നമ്പർ 341/1 ഉൾപ്പെട്ട ആകെ പുറമ്പോക്ക് 4.85 ഹെക്ടർ റവന്യൂ ഭൂമി വിനോദസഞ്ചാരവകുപ്പിന് കൈമാറുന്നതിന് 18-09-2019-ലെ സ.ഉ. (സാധാ) നം.320/2019/ടൂറിസം പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കണ്ടെത്തിയ സ്ഥലം ടൂറിസം വകുപ്പിന് കൈമാറ്റം ചെയ്യുന്നതിലേയ്ക്ക് ചട്ട പ്രകാരമുള്ള അർത്ഥന പത്രം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ജില്ലാ കളക്ടറുടെ ആവശ്യപ്രകാരം സ്ഥാപിക്കാനുദ്ദേശിക്കുന്ന അഡ്വഞ്ചർ ടൂറിസം അക്കാദമിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട്, കൺസെപ്റ്റ് നോട്ട് മുതലായവ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ